പ്രവൃത്തി അടിയന്തിരമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ഇത് നടന്നുകഴിഞ്ഞിട്ട് വടകര ശുദ്ധജല വിതരണപദ്ധതി മെച്ചപ്പെടുത്തുന്നതാണ്. ആവശ്യമെന്നുകണ്ടാൽ ഈ രീതിയിൽതന്നെ ജോയിന്റുകൾ റിപ്പയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഗ്രാവിറ്റി മെയിനിന്റെ പുനരുദ്ധാരണത്തിനാവശ്യമായ തുക 1999-2000 വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിക്കുന്ന കാര്യവും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി.കെ. നാണു : ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോഴിക്കോടുവച്ച് യോഗം ചേർന്നപ്പോൾ വടകര ആഗ്മെന്റേഷൻ പദ്ധതിയിലും അതുപോലെ ഒഞ്ചിയം-ചോറോട് പദ്ധതിയിലും പ്രിമോ പൈപ്പ് കമ്പനിയിൽനിന്ന് ലഭിച്ച പൈപ്പുകൾ പൊട്ടിക്കൊണ്ടിരിക്കുന്നതുകൊണ്ട് കാസ്റ്റ് അയൺ പൈപ്പുകളുപയോഗിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അന്നത്തെ ചർച്ചയിൽ തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രിമോ പൈപ്പുകൾ മാറ്റി കാസ്റ്റ് അയൺ പൈപ്പുകളുപയോഗിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : നേരത്തേയിട്ടിരുന്ന പൈപ്പുകൾ നമ്മുടെ സംസ്ഥാനത്തെ പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന അവസരത്തിൽ പൊട്ടുന്നുണ്ട്. ഈ പൊട്ടുന്ന പൈപ്പുകളൊക്കെ ഘട്ടംഘട്ടമായി മാറ്റാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അങ്ങനെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല പുതുതായി തുടങ്ങുന്ന വാട്ടർ സപ്ലൈ സ്കീമിന്റെ മെയിൻ പമ്പിംഗ് ലൈനിലെല്ലാം കാസ്റ്റ് അയൺ പൈപ്പ് അല്ലെങ്കിൽ സ്റ്റീൽ പൈപ്പ് മാത്രമേ ഉപയോഗിക്കാവൂ എന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്. പഴയകാലത്ത് ചെയ്തതൊക്കെ പൊട്ടുന്നതിന്റെ ഭാഗമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

V. സബ്മിഷൻ

1. നടുവട്ടത്തെ സി.പി.ഐ (എം) പ്രവർത്തകന്റെ കൊലപാതകം

ശ്രീ. ടി.കെ. ഹംസ : സർ, ബേപ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് നടുവട്ടത്ത് ക്രമസമാധാനനില തകരാറിലായിരിക്കുകയാണ്. ഇന്നലെ രാവിലെ ബി.ജെ.പി. പ്രവർത്തകനായ മനോജ് എന്ന ഒരാൾ ദുരൂഹസാഹചര്യത്തിൽ മരിച്ചുകിടക്കുന്നതായി കണ്ടു. 'ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ' എന്ന നിഗമനത്തിൽ ബി.ജെ.പി.ക്കാർ വാളും പരിചയുമെടുത്ത് ഇറങ്ങി പത്തു മണിക്കുശേഷം ബേപ്പൂരിലെ പല ഭാഗങ്ങളിലും ഭീകരമായ അന്തരീക്ഷം സൃഷ്ടിച്ചു; വ്യാപകമായ ആക്രമങ്ങൾ അഴിച്ചുവിട്ടു. ഒരു കല്യാണത്തിൽ പങ്കെടുത്തശേഷം തിരിച്ചുവന്ന രണ്ടു മാർക്സിസ്റ്റ് അനുഭാവികളിൽ ഒരാളെ കൂർപ്പിച്ച സോഡാക്കുപ്പികൊണ്ട് കുത്തിക്കൊന്നു. കഴുത്തിലാണ് കുത്തിയത്. രക്തം വാർന്നൊലിച്ച് അയാൾ അവിടെകിടന്ന് മരിച്ചു. രണ്ടാമതൊരാൾ മാരകമായ പരിക്കേറ്റ് ആശുപത്രിയിൽ കിടക്കുകയാണ്. നിരവധി വീടുകൾക്ക് തീവച്ചു. മാത്രമല്ല നടുവട്ടത്തെ മാർക്സിസ്റ്റ് പാർട്ടി ഓഫീസിനകത്തു കടന്ന് സകല

LIBRARY ARCHIVES Kerala Legislative Assembly

സാധനസാമഗ്രികളും ഒതുക്കിക്കൂട്ടി തീവച്ചു നശിപ്പിച്ചു. മുമ്പ് ഒരാക്രമണത്തിൽ മരിച്ച സഖാവ് രാജീവിന്റെ വിധവ നടത്തുന്ന ഒരു സ്ഥാപനവും കത്തിച്ചു. ചുരുക്കത്തിൽ പന്ത്രണ്ട്-പതിമൂന്ന് ലക്ഷം രൂപയുടെ നഷ്ടം വരുത്തിയിട്ടുണ്ട്. വളരെ ഭീകരമായ അന്തരീക്ഷം അവിടെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. മരിച്ച ബി.ജി.പി. പ്രവർത്തകൻ മനോജിന്റെ പോസ്റ്റുമോർട്ടത്തെക്കുറിച്ച് കൃത്യമായ വിവരം ഞങ്ങൾക്കറിയില്ല. കിട്ടിയ വിവരം വിഷം അകത്തുചെന്ന് മരിച്ചു എന്നാണ്. ഏതായാലും ബി.ജെ.പി. ക്കാർ യാതൊരു നിയന്ത്രണവുമില്ലാതെ ഗുരുതരമായ സ്ഥിതിവിശേഷം ആ മണ്ഡലത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ സത്വരമായ നടപടി സ്വീകരിക്കണം. മണ്ഡലത്തിൽ സമാധാനം പുനഃസ്ഥാപിക്കണം. കുറ്റവാളികൾ ആരായാലും ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പോലീസിനെ വിന്യസിപ്പിച്ച് സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവരുന്നുണ്ട്. അതിന് ഞങ്ങൾ അങ്ങേയറ്റം അനുമോദിക്കുന്നു. കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ.ടി. ശിവദാസമേനോൻ) : സർ, കോഴിക്കോട് ജില്ലയിൽ ബേപ്പൂർ നിയോജകമണ്ഡലത്തിൽ മാഹിയിലുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗോഡൗണിൽ ബി.ജെ.പി. ആർ.എസ്.എസ്. പ്രവർത്തകനായ പെരുന്നല്ലത്തു മനോജ് മരിച്ചുകിടക്കുന്നതായി 12.4.1999-നു രാവിലെ 10 മണിയോടെ കാണപ്പെട്ടു. കൈകളും കാലുകളും മുൻഭാഗത്ത് ബന്ധിച്ച നിലയിലാണ് മൃതശരീരം കാണപ്പെട്ടത്. ഏതോ വിഷദ്രാവകം ഉള്ളിൽചെന്നാണ് മരണം സംഭവിച്ചിട്ടുള്ളതെന്നും മനോജിന്റെ ശരീരത്തിൽ അകത്തോ പുറത്തോ ഏതെങ്കിലും ആയുധങ്ങൾകൊണ്ട് ഏൽപ്പിച്ചതായുള്ള പരിക്കുകൾ ഒന്നുംതന്നെ കാണുന്നില്ലെന്നും പോസ്റ്റുമോർട്ടം പരിശോധന നടത്തിയ മെഡിക്കൽ കോളേജിലെ ഫോറൻസിക്വിഭാഗം ഡോക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മരണം ആത്മഹത്യയാണോ കൊലപാതകമാണോ എന്ന് ഇപ്പോൾ വ്യക്തമല്ല. ഇതു സംബന്ധിച്ച് ബേപ്പൂർ ഇൻസ്പെക്ടർ ഓഫ് പോലീസ് അന്വേഷിച്ചുവരുന്നു. ഈ സംഭവത്തെ രാഷ്ട്രീയ കൊലപാതകമായി പ്രചരിപ്പിച്ചുകൊണ്ട് ബേപ്പൂരിലും പരിസര പ്രദേശങ്ങളിലും ആർ.എസ്.എസ./ബി.ജെ.പി. പ്രവർത്തകർ ആസൂത്രിതമായ ആക്രമണങ്ങൾ പട്ടാപ്പകൽ അഴിച്ചുവിടുകയുണ്ടായി. ഇന്നലെ (12.4.1999) രാവിലെ 11.05-ന് ബേപ്പൂരിലെ മാറാട് ബീച്ചിനു സമീപം സി.പി.എം. അനുഭാവിയും ഡി.വൈ.എഫ്.ഐ പ്രവർത്തകനുമായ മണ്ണടത്ത് സതീഷ്, തമ്പുരാൻപടി സുരേഷ് എന്നിവരെ ആർ.എസ്.എസ്./ബി.ജെ.പി. സംഘം മാരകായുധങ്ങൾ ഉപയോഗിച്ച് വെട്ടിയും കുത്തിയും പരിക്കേൽപ്പിച്ചു. മാരകമായി പരിക്കേറ്റ സതീഷ് സംഭവസ്ഥലത്തുവച്ച് മരണമടഞ്ഞു. ഗുരുതരമായ പരിക്കുകളോടെ സുരേഷ് കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഒരു സുഹൃത്തിന്റെ വിവാഹച്ചടങ്ങിൽ പങ്കെടുക്കുവാൻ പോകുമ്പോഴാണ് ഇരുവരും ആക്രമിക്കപ്പെട്ടത്. തുടർന്ന് മാറാട്, നടുവട്ടം പ്രദേശങ്ങളിൽ വീടുകൾക്കും കടകൾക്കും വാഹനങ്ങൾക്കും നേരേ ആർ.എസ്.എസ്./ബി.ജെ.പി. സംഘം അക്രമം അഴിച്ചുവിട്ടു. സി.പി.എം. പ്രവർത്തകനായിരുന്ന രാജീവിന്റെ രക്തസാക്ഷി സ്മാരകം നശിപ്പിക്കുകയും സി.പി.എം. ഓഫീസ് കൈയേറി ഫർണിച്ചറുകളും ഫയലുകളും തീയിടുകയും ചെയ്തു. കേഴകത്ത് ബാലകൃഷ്ണന്റെ വീട് ആക്രമിച്ച് നാശനഷ്ടം

LIBRARY ARCHIVES Kerala Legislative Assembly

വരുത്തി. ബേപ്പൂർ പഞ്ചായത്തിൽ എഴവം വാർഡ് മെമ്പർ ശ്രീമതി ആനന്ദ വല്ലിയുടെ വീട് ആക്രമിക്കുകയും തീവയ്ക്കുകയും ചെയ്തു. ഡി.വൈ. എഫ്.ഐ. പ്രവർത്തകൻ സജിത് നാരായണന്റെ വീട് ആക്രമിച്ചു. നടുവട്ട ത്തുള്ള കടയും ശങ്കരൻ എന്ന ആളിന്റെ ഡയറി ഫാമും ഗണേശന്റെ വീടും ആക്രമിച്ച് നാശനഷ്ടം വരുത്തി. സി.പി.എം. ബേപ്പൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി ശിവദാസിന്റെ വീടിനും കോൺഗ്രസ്സ് അനുഭാവിയും സി.പി.എം. പ്രവർത്തകന്റെ മകനുമായ നാരായണന്റെ വീടിനും നാശനഷ്ടം വരുത്തി. കോഴിക്കോട് സിറ്റി കമ്മീഷണറുടെ നേതൃത്വത്തിൽ സുശക്തമായ പോലീസ് സന്നാഹം സ്ഥലത്ത് എത്തുകയും സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാക്കുകയും കൂടുതൽ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ബേപ്പൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ സി.ആർ.പി. സി. 144-ാം വകുപ്പു പ്രകാരം ജില്ലാ കളക്ടർ നിരോധനാജ്ഞ പുറപ്പെടുവി ച്ചിട്ടുണ്ട്. മേൽ കാര്യങ്ങൾക്ക് കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ പിടി കൂടുന്നതിനായി ജാഗ്രതയോടെ നടപടികൾ സ്വീകരിച്ചുവരുന്നു. സംഭവസ്ഥലത്ത് കണ്ണൂർ ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ സുശക്തമായ പോലീസ് സന്നാഹം വിന്യസിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ ഇപ്പോൾ പൂർണ്ണമായും നിയന്ത്രണവിധേയമാണ്. വിഷം കഴിച്ച് സംശയാസ്പദമായ സാഹചര്യത്തിലുണ്ടായ ആർ.എസ്.എസ്. പ്രവർത്തകന്റെ മരണം രാഷ്ട്രീയ കൊലപാതകമായി ചിത്രീകരിച്ചാണ് ആർ.എസ്.എസ്./ ബി.ജെ.പി. പ്രവർത്തകർ സംഘടിതമായി ആക്രമണം നടത്തിയത്. സംസ്ഥാനത്ത് നിലനിൽക്കുന്ന സമാധാനാന്തരീക്ഷം അലങ്കോലപ്പെടുത്തു ന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഇതിന്റെ പിന്നിലുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള പരിശ്രമങ്ങളിലൂടെയുള്ള അക്രമപ്രവർത്തനങ്ങളെ സർക്കാർ ശക്തമായി നേരിടുകതന്നെ ചെയ്യും. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്നതിന് ആവശ്യ മായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. ഇത്തരം അക്രമപ്രവർത്ത നങ്ങൾ സംഘടിപ്പിക്കുന്നവരെ ഒറ്റപ്പെടുത്തുവാൻ എല്ലാ വിഭാഗം ജനങ്ങ ളോടും അഭ്യർത്ഥിക്കുകയും ചെയ്യും. ഒരു കാരണവശാലും നിയമം കൈയി ലെടുക്കുവാനോ രാജ്യത്തെ ക്രമസമാധാനനില താറുമാറാക്കുവാനോ ഒരു ശക്തിയേയും അനുവദിക്കുകയില്ല. അതിനുള്ള നടപടികൾ കൈക്കൊള്ളു മെന്ന് ഞാൻ ഉറപ്പുതരുകയാണ്.

(2) പോലീസ് കോൺസ്റ്റബിൾ റാങ്ക്‌ലിസ്റ്റിൽനിന്ന് നിയമനം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, കേരളാ പോലീസിലേയ്ക്ക് കോൺസ്റ്റബിൾമാരെ തെരഞ്ഞെടുക്കുന്നതിന് തയ്യാറാക്കിയ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് ശേഷിക്കുന്നവരെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്ന ത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന തിനുശേഷം മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി നാലായിര ത്തിലധികംപേരെ നിയമിച്ചത് അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഇത് ഉന്ന യിക്കുന്നത്. ടെസ്റ്റ് പാസ്സായി റാങ്ക്‌ലിസ്റ്റിൽ പേരുള്ളവർ ഇനിയും ധാരാളം പേർ ഉണ്ട്. പോലീസിലേയ്ക്ക് തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഒരുവർഷം പരിശീലനം നൽകിയതിനുശേഷമേ നിയമിക്കുവാൻ കഴിയൂ. 1.1.1999 വരെ യുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ കെ.എ.പി, എസ്.എ.പി.,

LIBRARY ARCHIVES Kerala Legislative Assembly